III സബ്മിഷൻ

(1) മലപ്പുറം ജില്ലയിലെ ചോലമ്പ്രയിൽ ആയുർവേദാശുപത്രിക്ക് കെട്ടിടം നിർമ്മിക്കൽ.

ശ്രീ. പി. സീതിഹാജി : സർ, എന്റെ നിയോജകമണ്ഡലത്തിലെ ചോലമ്പ്രം പഞ്ചായത്തിൽ 1971-ൽ ഒരു ആയുർവേദാശുപത്രി ഉൽഘാടനം ചെയ്തു. മലപ്പുറം ജില്ലയിലെ ആദ്യത്തെ ആയുർവേദാശുപത്രിയായ ഈ ആശുപത്രി ഉൽഘാടനം ചെയ്ത പരേതനായ ശ്രീ. സി. എച്ച്. മുഹമ്മദ് കോയ സാഹിബ്ബായിരുന്നു. ഒരു വാടകക്കെട്ടിടത്തിലാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്. ആശുപത്രിക്കായി ഈ പഞ്ചായത്തിലെ നാട്ടുകാരുടെ വകയായി ഒരേക്കർ സ്ഥലം കൊടുത്തിട്ട് കൊല്ലങ്ങളും പലതു കഴിഞ്ഞു. എല്ലാ കൊല്ലങ്ങളിലും ബഡ്ജറ്റിൽ 100 ഉറുപ്പിക ടോക്കൺ പ്രൊവിഷനുണ്ടാകും. ഞാൻ എല്ലാക്കൊല്ലവും ബഡ്ജറ്റിൽ പ്രൊവിഷൻ വയ്ക്കാൻ വേണ്ടി ഉദ്യോഗസ്ഥൻമാർക്ക് എഴുതിക്കൊടുത്താലും കഴിഞ്ഞ 2 കൊല്ലമായി ബഡ്ജറ്റിൽ യാതൊരു പ്രൊവിഷനുമില്ല. ഇപ്പോൾ വാടകക്കെട്ടിടത്തിന്റെ ഉടമസ്ഥൻ കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതിനുവേണ്ടി കോടതിയെ സമീപിച്ചിരിക്കുകയാണ്. ഒരു പിന്നോക്ക പ്രദേശമായ അവിടെ യാതൊരു ചികിൽസാ സൗകര്യങ്ങളുമില്ല. അതുകൊണ്ട് ഉടനെതന്നെ നാട്ടുകാർ നൽകിയ ആ സ്ഥലത്ത് ഒരു കെട്ടിടം കെട്ടുന്നതിനുവേണ്ട നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ : ഇന്ന് സാധാരണയിൽ കവിഞ്ഞ് സബ്മിഷനുകളുണ്ട്. അതുകൊണ്ട് സബ്മിഷനുകളും അവയുടെ മറുപടികളും വളരെ ചുരുക്കിപ്പറയണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട സീതിഹാജി ഇവിടെ ഉന്നയിച്ച ചോലമ്പ ആയുർവേദാശുപത്രിക്കു വേണ്ടി പഞ്ചായത്തിൽ നിന്ന് 49 സെന്റ് സ്ഥലം വീട്ടുതന്നിട്ടുണ്ട്. ഈ കൊല്ലത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി പണം കൊള്ളിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥൻ കെട്ടിടം ഒഴിഞ്ഞുകൊടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഉടനെതന്നെ മറ്റൊരു കെട്ടിടം കണ്ടുപിടിക്കും. ബഡ്ജറ്റിൽ പണം കൊള്ളിച്ച് ഈ ആശുപത്രിയുടെ വർക്ക് ഉടൻതന്നെ ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കാം.

(2) ഒറപ്പാലം ജില്ലാ രൂപീകരണം.

ശ്രീ. വി. സി. കബീർ : സർ, ഒറപ്പാലം ജില്ല രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ട് വളരെക്കാലങ്ങളായി. പട്ടാമ്പി താലൂക്ക് രൂപീകരിക്കുകയും ഒറപ്പാലം ജില്ല രൂപീകരിക്കുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിലെ ഒരു ആവശ്യമാണ്. ഒറപ്പാലത്തിന്റെ ഒരറ്റം കിടക്കുന്നത് കോയമ്പത്തൂരിനടുത്താണ്. തൃശ്ശൂർ ജില്ലയിലെ പാഞ്ഞാർ, തിരുവില്വാമല തുടങ്ങിയ പഞ്ചായത്തുകളും ഒറപ്പാലം ജില്ലയിൽ ഉൾപ്പെടുത്തേണ്ടതാണ്. വളരെ സുപ്രധാനമായ ഈ ആവശ്യം പരിഗണിക്കാൻ ഗവൺമെന്റിന് വലിയ സാമ്പത്തികബാദ്ധ്യതയൊന്നുമില്ല. സബ്കളക്ടറുടെ ഓഫീസ് മുതൽ എല്ലാ ഓഫീസുകളും അവിടെ പ്രവർത്തിക്കുന്നുണ്ട്. സബ്

LIBRARY ARCHIVES Kerala Legislative Assembly

കളക്ടറെ മാറ്റി കളക്ടറാക്കിയാൽ ജില്ലയായി. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ അധികാരവികേന്ദ്രീകരണം ആഗ്രഹിക്കുന്ന നമ്മുടെ റവന്യൂമന്ത്രി ഒറ്റപാലത്തെ ജില്ലയായി പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അദ്ദേഹം പറഞ്ഞത് സബ്കളക്ടറെ അപ്ഗ്രെയ്ഡ് ചെയ്തു കളക്ടറാക്കിയാൽ ജില്ലയായിക്കൊള്ളുമെന്നാണ്. .....(ബഹളം)..... ഇങ്ങനെയുള്ള ധാരാളം ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഒറ്റപ്പെട്ടു പരിശോധിക്കാൻ ബുദ്ധിമുട്ടുണ്ട്. ശ്രീ. കബീർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(3) അട്ടപ്പാടി പ്രദേശത്തെ രജിസ്ട്രേഷൻ നടപടികൾ

ശ്രീ. പി. കുമാരൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അട്ടപ്പാടി എഴുപത്തയ്യായിരത്തിയഞ്ഞൂറോളം ഹെക്ടർ വിസ്തീർണ്ണമുള്ള പ്രദേശമാണ്. ഇരുപത്തയ്യായിരത്തോളം കൃഷിക്കാരായ ആദിവാസികളടക്കമുള്ള കുടികിടപ്പുകാർ ഈ പ്രദേശത്തെ സ്ഥിര താമസക്കാരാണ്. ഈ പ്രദേശത്തെ ഭൂമിയുടെ രജിസ്ട്രേഷൻ ഇപ്പോൾ നടക്കുന്നില്ല. ഇത് മൂലം ഇവിടത്തെ ജനങ്ങളുടെ പൗരാവകാശം തന്നെ നിഷേധിച്ചിരിക്കുന്നു. വനം വകുപ്പ് നിക്ഷിപ്ത വനഭൂമിയിലെ സർവ്വെ പൂർത്തിയാക്കാത്തതും അതിന് ഡിമാർക്കേഷൻ കഴിയാത്തതും ആണ് കാരണം. ഒരു സമയബന്ധിത പരിപാടി തയ്യാറാക്കി ഈ സ്ഥിതിക്ക് മാറ്റമുണ്ടാക്കുവാനുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് വനം രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, രജിസ്ട്രേഷന്റെ കാര്യത്തിൽ ചെറിയ പ്രശ്നമുണ്ട്. നമ്മുടെ സ്വകാര്യ വനങ്ങളെല്ലാം ഏറെറടുത്തതിനുശേഷം അതിർത്തികളെല്ലാം നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഒരേ സർവ്വേ നമ്പറിൽ ആയിരക്കണക്കിനേക്കർ ഭൂമി വരുന്നതുകൊണ്ട് ചില കള്ള പ്രമാണങ്ങൾ നടത്തുമ്പോൾ ഈ ഭൂമി കൂടിയുദ്ദേശിച്ച് നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ഒരു നിയന്ത്രണം മേർപ്പെടുത്താൻവേണ്ടി ഇങ്ങനെയൊരു ഏർപ്പാട് ചെയ്തത്. എത്രയും പെട്ടെന്ന് പുതിയ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി നിക്ഷിപ്ത വനത്തിന് പ്രത്യേകസർവ്വേ കൊടുത്തുകഴിഞ്ഞാൽ, ഈയൊരു സർവ്വേ രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന് രജിസ്റ്റർ ഓഫീസിലേക്ക് നിർദ്ദേശം കൊടുത്താൽ കള്ളപ്രമാണങ്ങൾ തടയാൻ കഴിയും. ഏതായാലും എത്രയും പെട്ടെന്ന് ഇതിന്റെ പ്രവർത്തനം പൂർത്തിയാക്കും. കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ പരമാവധി കുറച്ചുകൊണ്ടുവരാൻ ആവശ്യമായ നടപടി ഗവൺമെന്റ് ചെയ്യുന്നതാണ്.

(4) കണ്ണൂരിലെ സെന്റ് ആഞ്ചലോസ് കോട്ടമൈതാനം വെട്ടിമുറിക്കുന്നതു സംബന്ധിച്ച്

ശ്രീ. പി. ഭാസ്കരൻ : സർ, കണ്ണൂരിന്റെ ഹൃദയത്തിന് ബാധിച്ച മാരകമായ ക്യാൻസർ രോഗത്തെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ടിപ്പുസുൽത്താൻ സ്ഥാപിച്ച കണ്ണൂർ സെന്റ് ആഞ്ചലോ കോട്ടയുടെ ഭാഗമായ കോട്ട മൈതാനിയുടെ 9 ഏക്കർ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly